**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5192** **21-07-2022 - ൽ മറുപടിയ്ക്ക്**

**അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വി.എച്ച്.എസ്.ഇ അഗ്രിക്കൾച്ചർ കോഴ്സ് കഴിഞ്ഞവർക്ക് അപേക്ഷിക്കാൻ കഴിയുന്ന ആകെയുള്ള തസ്തികയായ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II -ന്റെ യോഗ്യത ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ അല്ലെങ്കിൽ വി.എച്ച്.എസ്.ഇ അഗ്രിക്കൾച്ചർ എന്നാക്കി മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (എ) | **കൃഷിവകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയവും പരിശോധിച്ച് വരുന്നു.** |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് നിലവിൽ ഒരേ പരീക്ഷ എഴുതിയവർക്ക് തന്നെ പി.എസ്.സി പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലല്ലാതെ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് നിയമനം നൽകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **ഉണ്ട്. അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള യോഗ്യത നിശ്ചയിച്ചിട്ടുള്ള നിലവിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കേരള കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ സയൻസ് അഥവാ തത്തുല്യ യോഗ്യത നേടിയവരെ ലിസ്റ്റ് I ലും വി.എച്ച്.എസ്.സി. അഗ്രിക്കൾച്ചർ യോഗ്യതയുള്ളവരെ ലിസ്റ്റ് II ലും ഉൾപ്പെടുത്തിയാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ടി തസ്തികയുടെ ഗസറ്റ് വിജ്ഞാപനത്തിൽ ലിസ്റ്റ് I ൽ യോഗ്യത നേടിയവരുടെ അഭാവത്തിൽ മാത്രമേ ലിസ്റ്റ് II ൽ ഉൾപ്പെട്ടവരെ പരിഗണിക്കുകയുള്ളു എന്ന വ്യവസ്ഥയും ടി തസ്തികയുടെ തെരഞ്ഞെടുപ്പിനായി നടത്തുന്ന പരീക്ഷയിൽ ലഭിക്കുന്ന മാർക്കിനെ ആധാരമാക്കി യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ഥ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതു സംബന്ധിച്ച വ്യവസ്ഥയും ചേർത്തിട്ടുണ്ട്.** |
| (സി) | പ്രസ്തുത തസ്തികയ്ക്ക് വി.എച്ച്.എസ്.ഇ കോഴ്സിന്റെ സിലബസ് പര്യാപ്തമല്ലെങ്കിൽ ഒന്നുകിൽ പ്രസ്തുത കോഴ്സ് നിർത്തലാക്കാനോ അല്ലെങ്കിൽ പരിഷ്കരിക്കാനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ? | (സി) | **നിലവിൽ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ